**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2191 17.02.2016 ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട് അപ്പ് പോളിസി**

| **ചോദ്യം**<br><br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. ആർ . സെൽവരാജ്**<br>**ശ്രീ. പി.എ.മാധവൻ**<br>**ശ്രീ. എം.പി.വിൻസെൻറ്** | | **മറുപടി**<br><br>**ശ്രീ. പി കെ കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 'സ്റ്റാർട്ട് അപ്പ് പോളിസി' യുടെ കരട് പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | 12.05.2015 ലെ സ.ഉ.(കൈ) 14/2015/വി.സാ.വ. നമ്പർ ഉത്തരവ് പ്രകാരം കേരളാ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. ലോകോത്തര നിലവാരമുള്ള ശാസ്ത്ര-സാങ്കേതിക പരിസരം സംസ്ഥാനത്തിനകത്ത് തന്നെ സൃഷ്ടിച്ച് യുവതലമുറയെ ശാക്തീകരിക്കുകയും അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ടെക്നോളജി സ്റ്റാർട്ട് അപ്പ് നയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.<br><br>2014 ലെ കേരള സാങ്കേതിക സ്റ്റാർട്ടപ്പ് നയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. കേരളത്തിലെ സ്റ്റാർട്ടപ്പ് രംഗത്തും ഇൻകുബേഷൻ രംഗത്തുമായി 5000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുക.<br>2. അടുത്ത അഞ്ചു വർഷങ്ങളിലായി യുവ സംരംഭകത്വ രംഗത്ത് 2500 കോടി രൂപ വിനിയോഗിക്കുക.<br>3. ഭാരതീയർ ഉടമസ്ഥരായുള്ള ആഗോള സാങ്കേതിക കമ്പനികൾ കൂടുതലായി ഉയർത്തികൊണ്ടു വരിക.<br>4. വിവിധ വിഭാഗങ്ങളിലായി 10 സാങ്കേതിക |

| | | | |
|---|---|---|---|
| | | | ബിസിനസ്സ് ഇൻകുബേറ്റർ / ആക്സിലറേറ്റർ സ്ഥാപിക്കുക.<br>5. 10000 സാങ്കേതിക ഉത്പന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം, സൗകര്യങ്ങൾ, ഇൻകുബേഷൻ എന്നിവ നൽകുക.<br>6. ഒരു ദശലക്ഷം ചതുരശ്ര അടി ഇൻകുബേറ്ററിനുള്ള സൗകര്യം സൃഷ്ടിക്കുക.<br>7. 2000 കോടി രൂപയുടെ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് ലഭ്യമാക്കുക.<br>8. സ്റ്റാർട്ടപ്പുകളിൽ നിന്നും 20 ദശലക്ഷം ഡോളർ മൂല്യമുള്ള ഒരു സാങ്കേതിക കമ്പനിയെങ്കിലും സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | സ്റ്റാർട്ടപ്പ് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:<br>1. സ്റ്റാർട്ടപ്പ് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി സർക്കാർ രൂപീകരിച്ച സൊസൈറ്റിയായ കേരള സ്റ്റാർട്ടപ്പ് മിഷന് ഈ സാമ്പത്തിക വർഷം 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 60.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>2. കാര്യക്ഷമവും സ്ഥായിയായതും ചെലവ് കുറഞ്ഞതുമായ പുതു സംരംഭങ്ങളും ആശയങ്ങളും രൂപീകരിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>3. സംരംഭകത്വ വികസനത്തിന് വേണ്ടി മാത്രം സംസ്ഥാന വാർഷിക ബഡ്ജറ്റിന്റെ ഒരു ശതമാനം നീക്കി വച്ച ആദ്യ സംസ്ഥാനമാണ് കേരളം.<br>4. യുവതലമുറയിൽ സംരംഭകത്വ താൽപര്യം ജനിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നേതൃത്വ പരിശീലന പരിപാടി, റാസ്പ്ബെറി പൈ പ്രോഗ്രാം, അന്തർ ദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി, സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ്, സ്റ്റാർട്ടപ്പ് ബോക്സ് ക്യാമ്പയിൻ, സ്റ്റാർട്ടപ്പ് ഐ 3, തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു.<br>5. ടെക്നോളജി ഇന്നവേഷൻ ഹബ് സ്ഥാപിക്കുന്നതിനായി കളമശ്ശേരിയിൽ 13.20 ഏക്കർ സ്ഥലം ഏറ്റെടുത്ത് പുതിയ മന്ദിരത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>6. തിരുവനന്തപുരം ടെക്നോപാർക്കിലും കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിലും ഫാബ് ലാബുകൾ സ്ഥാപിച്ചു. 20 കോളേജുകളിൽ മിനി ഫാബ് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>7. എറണാകുളം ഇൻഫോപാർക്കിൽ 10,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാർട്ടപ്പ് വെയർ ഹൗസ് സ്ഥാപിച്ചു<br>8. ഇൻകുബേഷൻ കഴിഞ്ഞ കമ്പനികൾക്ക് അവയുടെ വികസനത്തിനായി ടെക്നോളജി ബിസിനസ് ആക്സിലറേറ്ററുകൾ കിൻഫ്രായുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ചു. |

സെക്ഷൻ ഓഫീസർ